II ഇ.ബി. XII-കേരള നിയമസഭ/XV-12

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

**2010 ജൂലൈ 14, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

38 (*331) **ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് 31 ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഒരു ബ്ലോക്കിൽ ഒരു ബഡ്സ് സ്കൂളെങ്കിലും സ്ഥാപിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും 2010-11 വർഷം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് ആരംഭിച്ചിട്ടുള്ളതും ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമായ 43 ബഡ്സ് സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കായി ദേശീയ തലത്തിൽ തയ്യാറാക്കിയിട്ടുള്ള പഠന സമ്പ്രദായം അനുസരിച്ചുള്ള വിശേഷ വിദ്യാഭ്യാസം, പരിചരണ സേവനം, രക്ഷാകർത്തൃ വിദ്യാഭ്യാസം, ചികിത്സാപരമായ പരിശീലനങ്ങൾ, പ്രാഥമിക

തൊഴിൽ പരിശീലനങ്ങൾ, ഉച്ചഭക്ഷണം, സൗജന്യ യാത്രാ സൗകര്യം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങൾ പ്രധാനമായും നടത്തുന്നതെന്നും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഒരു പ്രാദേശിക പദ്ധതിയായി നടത്തുന്ന ബഡ്സ് സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, കുടുംബശ്രീ മിഷൻ എന്നിവയുടെ സഹായത്തോടെയാണ് പ്രവർത്തിക്കുന്നതെന്നും പ്രാദേശിക സർക്കാരുകളാണ് ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുവാനുള്ള വിഭവ സമാഹരണം നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി. ആവശ്യമായി വരുന്ന സ്ഥലങ്ങളിലെല്ലാം ഇത്തരം സ്കൂളുകൾ ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക ശേഷിയില്ലാത്ത ഇത്തരം കുട്ടികളുടെ പൂർണ്ണമായ ബാദ്ധ്യത ഏറ്റെടുക്കുന്നതിനും ബഡ്സ് സ്കൂളുകൾ നടത്തുന്ന സന്നദ്ധസംഘടനകൾക്കും വ്യക്തികൾക്കും ആവശ്യമായ സഹായം ചെയ്തുകൊടുക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടികളുടെ ഉപകരണങ്ങൾ വാങ്ങുന്നതിനും ബൈ സ്റ്റാൻഡേഴ്സിന് സഹായം നൽകുന്നതിനും മറ്റും അനുവദിക്കപ്പെട്ട ഫണ്ടിനു പുറമെ കൂടുതൽ തുക ആവശ്യമായി വരികയാണെങ്കിൽ ഗവൺമെന്റിന്റെ അനുമതിയോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്. പരിശീലനം സിദ്ധിച്ച ഫിസിയോതെറാപ്പിസ്റ്റുകളുടെ ലഭ്യതക്കുറവും മറ്റ് പ്രശ്നങ്ങളും പരിഗണിച്ച് ആവശ്യമായ സഹായം ചെയ്യുന്നുണ്ടെന്നും അത് കൂടുതൽ ശക്തിപ്പെടുത്തുന്നതാണെന്നും ബഡ്സ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സ്പെഷ്യൽ ട്രെയിനിംഗ് നൽകുന്നതിന് ഒരു കോച്ചിംഗ് സെന്റർ ആരംഭിക്കുന്ന കാര്യവും ശമ്പള വർദ്ധനവ് ഏർപ്പെടുത്തുന്ന കാര്യവും പരിഗണനയിലാണെന്നും വ്യത്യസ്ത

വൈകല്യമുള്ള കുട്ടികളെ വേർതിരിച്ചിരുത്തി പഠിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും നിലവിലുള്ള ബഡ്സ് സ്കൂളുകൾ നഷ്ടപ്പെടാത്ത തരത്തിലായിരിക്കും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതെന്നും സ്വകാര്യ മേഖലയിൽ ഇത്തരം സ്കൂളുകൾ ആരംഭിക്കുന്നതിനെ സർക്കാർ നിരുത്സാഹപ്പെടുത്തുകയില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു. ബഡ്സ് സ്കൂളുകളിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനോ റീഹാബിലിറ്റേഷനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രത്യേക പ്രോജക്ട് സമർപ്പിക്കുകയാണെങ്കിൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി ആവശ്യമായ സഹായം ചെയ്യാൻ കഴിയുന്നതാണെന്ന് ആരോഗ്യ വകുപ്പുമന്ത്രിയും കഴിഞ്ഞ രണ്ട് വർഷവും 10 കോടി രൂപ വീതം ഇത്തരം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും ഈ വർഷവും അത് കൊടുക്കുമെന്നും കുട്ടികളെ ശ്രദ്ധിക്കാനും പരിശീലിപ്പിക്കാനും പരിശീലനം സിദ്ധിച്ച ആളുകൾ വേണ്ടത്ര ഇല്ലാത്തതുകൊണ്ട് പുതിയ പരിശീലന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ടെന്നും സ്കൂളുകളിൽ പഠിപ്പിക്കുന്ന സാധാരണ അദ്ധ്യാപകരെ ഇത്തരം കുട്ടികൾക്ക് പരിശീലനം നൽകാൻ കഴിവുള്ളവരാക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രിയും അറിയിച്ചു.

39 (*332) <u>ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കോച്ചിംഗ് സെന്ററുകൾ</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നതു സംബന്ധിച്ച് ശ്രീ.പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളനുസരിച്ച്

അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയ്ക്ക് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി അഞ്ച് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ടെന്നും കോഴിക്കോട് ജില്ലയിലും കണ്ണൂർ ജില്ലയിലെ പയ്യന്നൂരിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും പൊന്നാനിയിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണെന്നും തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ കോച്ചിംഗ് സെന്ററുകൾക്കാവശ്യമായ സ്ഥലസൗകര്യം പരിശോധിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. യു.പി.എസ്.സി, കെ.പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത്. കേരള ഹൈക്കോടതി അസിസ്റ്റന്റ്, അസിസ്റ്റന്റ് ഗ്രേഡ്-II (കുസാറ്റ്), എൽ.ഐ.സി. ഡെവലപ്മെന്റ് ഓഫീസർ, യു.പി. സ്കൂൾ അസിസ്റ്റന്റ് എന്നീ പരീക്ഷകൾക്കായി 22-03-2010 മുതൽ 07-07-2010 വരെ 160 പേർക്ക് പരിശീലനം നൽകുകയും കാലിക്കട്ട് യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, ബാങ്ക് ക്ലാർക്ക് എന്നീ പരീക്ഷകൾക്കായി ആകെ 66 പേർക്ക് പരിശീലനം നൽകിവരികയും ചെയ്യുന്നുണ്ട്. പയ്യന്നൂർ സെന്ററിൽ ജൂലായ് മാസത്തിൽ കോഴ്സുകൾക്ക് തുടക്കം കുറിക്കുന്നതാണെന്നും മുസ്ലീം ന്യൂനപക്ഷത്തിന് മുൻതൂക്കമുള്ള ജില്ലകൾക്കാണ് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് പരിഗണന നൽകിയിട്ടുള്ളതെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ച സെന്ററുകൾ പ്രവർത്തനമാരംഭിച്ച് അവയുടെ പ്രവർത്തന വിജയം വിലയിരുത്തിയതിനുശേഷം മറ്റ് ജില്ലകളിൽ ആരംഭിക്കണമെന്ന ആവശ്യവും ന്യൂനപക്ഷ കേന്ദ്രീകരണമുള്ള പിന്നോക്ക ജില്ലയായി

പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ കോച്ചിംഗ് സെന്റർ ആരംഭിക്കുന്ന കാര്യവും പരിശോധിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ആഭ്യന്തര തൊഴിൽ സാദ്ധ്യത കൂടാതെ വിദേശത്തെ തൊഴിൽ സാദ്ധ്യതകളും പ്രയോജനപ്പെടുത്തുന്നതിന് സഹായകമായ തരത്തിലുള്ള പരിശീലനമാണ് കോച്ചിംഗ് സെന്ററുകളിലൂടെ നൽകുന്നത് സർവ്വീസിൽ നിന്ന് വിരമിച്ച യോഗ്യരായവരെ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് അദ്ധ്യാപകരായി നിയമിച്ചിട്ടുള്ളതെന്നും കൂടുതൽ യോഗ്യത നേടിയ ഫാക്കൽറ്റികളെ നിയമിക്കുന്ന കാര്യവും കൂടുതൽ ബാച്ചുകൾ അനുവദിക്കണമെന്ന ആവശ്യവും പരിശോധിക്കാവുന്നതാണെന്നും സച്ചാർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുകയല്ലാതെ കേന്ദ്ര ഗവൺമെന്റ് തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും മന്ത്രി അറിയിച്ചു. കേരളത്തിലല്ലാതെ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചി ട്ടില്ലെന്നും കോച്ചിംഗ് സെന്ററുകൾ നടത്തുന്നതിന് മുന്നോട്ടുവരുന്ന സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതാണെന്നും ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെ സംരക്ഷണത്തിനുവേണ്ടി കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ച പദ്ധതികളുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലകളെ സംബന്ധിച്ചുമുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയി ട്ടുണ്ടെന്നും റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കേന്ദ്രഗവൺമെന്റിലേയ്ക്ക് അയച്ച് അവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. കേരളത്തിലെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ചില ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം

ലഭിക്കുന്നുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി വ്യക്തമാക്കി.

40(*333) **പുതിയ ടൂറിസം പദ്ധതികൾ**

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം ടൂറിസം മേഖലയുടെ വികസനത്തിനായി 130.25 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും പുതിയ ടൂറിസം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനായി 46 കോടി രൂപയുടെ പദ്ധതിക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാനായി ബീച്ചുകളുടെ നവീകരണം, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകളുടെ നിർമ്മാണം, ടൗൺ സ്ക്വയറുകൾ എന്നി വയ്ക്ക് മുൻഗണന നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും കാപ്പിൽ, ഓട്ടുമ്പ്രം, കാസർഗോഡ്, കോഴിക്കോട് എന്നിവിടങ്ങളിലെ ബീച്ചുകളുടെ നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പാറശ്ശാലയിലും കുമരകത്തും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടെന്നും തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കുമെന്നും ഷോപ്പിംഗ് ഫെസ്റ്റിവൽ കൂടുതൽ മികവോടെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും വിപണന രംഗത്ത് കൂടുതൽ ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ദേശീയ അന്തർദേശീയ തലത്തിലുള്ള ടൂറിസം ഫെയറുകളിൽ പങ്കെടുക്കുക, ഇന്ത്യയിലും വിദേശത്തും റോഡ് ഷോകൾ സംഘടിപ്പിക്കുക എന്നിവ നടത്തിവരുന്നുണ്ടെന്നും ഇന്ത്യയിലെ ഏറ്റവും വലിയ ടൂറിസം മേളയായ കേരളാ ട്രാവൽ മാർട്ട് ഈ വർഷം നടത്തുന്നതാണെന്നും ടൂറിസം

മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിനായി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ റ്റി.ആർ.കെ.എൽ.വഴി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും വേളിയിൽ ഈ രീതിയിൽ ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടെന്നും മൂന്നാറിൽ ഒരു ബൃഹത്തായ ഇക്കോ ടൂറിസം പദ്ധതി ആവിഷ്ക്കരിച്ചുവരുന്നുണ്ടെന്നും കെ.റ്റി.ഡി.സി. യുടെ ആഭിമുഖ്യത്തിൽ ബേക്കൽ, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ ഹോട്ടലുകൾ ഈ വർഷം തുറക്കുന്നതാണെന്നും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ വഴി തദ്ദേശീയ തലത്തിൽ ടൂറിസം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതാണെന്നും ചെന്നൈ കേരളാ ഹൗസ്, ഇരിങ്ങൽ, വിഴിഞ്ഞം ക്രാഫ്റ്റ് വില്ലേജുകൾ എന്നിവയുടെ പണികൾ പുരോഗമിക്കുന്നുണ്ടെന്നും ടൂറിസം രംഗത്ത് മാനവശേഷി വികസനത്തിന്റെ ഭാഗമായി 'ലെറ്റ് അസ് ലേൺ' എന്ന പരിശീലന പദ്ധതി പുരോഗമിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അഡ്വഞ്ചർ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനായി 'കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി' സ്ഥാപിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നുണ്ടെന്നും അഡ്വഞ്ചർ ടൂറിസത്തിന്റെ സാദ്ധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും പാരാ ഗ്ലൈഡിംഗ്, ട്രക്കിംഗ്, വിൻഡ് സർഫിംഗ്, ബാക്ക് വാട്ടർ ബൈക്കിംഗ് എന്നിങ്ങനെയുള്ള പദ്ധതികൾ അഡ്വഞ്ചർ ടൂറിസത്തിന്റെ ഭാഗമായി ആരംഭിക്കാൻ കഴിയുമെന്നും വാഗമണ്ണിൽ പാരാ ഗ്ലൈഡിംഗിന് സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. മൂന്നാറിലെ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കാനുള്ള നടപടി പൂർത്തിയാക്കിയിട്ടുണ്ടെന്നും അവിടെ ഒരു ഇക്കോ

ടൂറിസം ടൗൺഷിപ്പ് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പേപ്പാറ-അരുവിക്കര പദ്ധതിക്കുവേണ്ടി ഒരു ഡെസ്റ്റിനേഷൻ പോയിന്റ് എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം നേടിയെടുത്തിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും തിരുവനന്തപുരം ജില്ലയിലെ എല്ലാ ടൂറിസം കേന്ദ്രങ്ങളേയും വികസിപ്പിച്ചുകൊണ്ട് സഞ്ചാരികളെ ഗ്രാമീണ ടൂറിസം മേഖലയിലേയ്ക്കുകൂടി ആകർഷിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ആലപ്പുഴയിൽ മെഗാ ടൂറിസം പദ്ധതിക്ക് അംഗീകാരം നൽകേണ്ടത് കേന്ദ്രഗവൺമെന്റാണെന്നും ഇരിങ്ങാലക്കുടയിലെ നാല് ദശരഥപുത്ര ക്ഷേത്രങ്ങളേയും ബന്ധപ്പെടുത്തി തീർത്ഥാടന ടൂറിസം പദ്ധതിക്ക് രൂപം കൊടുക്കുന്നതാണെന്നും ഡെസ്റ്റിനേഷൻ മാനേജുമെന്റ് കൗൺസിലുകൾ വളരെ ഫലപ്രദമാണെന്നും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ടൂറിസം വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3182 മുതൽ 3460 വരെയുള്ള ചോദ്യങ്ങളിൽ 99 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)